ആഭ്യന്തരകാര്യമന്ത്രി (ശ്രീ. എ. ജെ. ജാൺ) : തമ്പ്രാൻനാട്ടുകേസുകളും എല്ലാം പിൻവലിക്കാൻ ഗവണ്മെൻറ് നടപടിയെടുക്കുന്നുണ്ട്.

തൊഴിൽക്കുഴപ്പങ്ങൾ.

* 812. [52] ശ്രീ. കെ. കൃഷ്ണപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്കു മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1955 ഫെബ്രുവരി 15–ാംതീയ്യതിക്കുശേഷം സംസ്ഥാനത്തു് എത്ര തൊഴിൽക്കുഴപ്പങ്ങൾ ഉണ്ടായിട്ടുണ്ടു്;

(ബി) അവയിൽ എത്ര എണ്ണം ഒത്തുതീർപ്പിലെത്തി; ഇനിയും അവസാനിക്കാത്തതായി എത്ര എണ്ണം ഉണ്ടു്;

(സി) ഈ കാലയളവിനുള്ളിൽ തൊഴിൽക്കുഴപ്പങ്ങൾ പ്രമാണിച്ചു് എത്രപേരെ അറസ്റ്റ് ചെയ്തിട്ടുണ്ടു്; അവരിൽ എത്രപേരെ ശിക്ഷിച്ചിട്ടുണ്ടു്; അറസ്റ്റ് ചെയ്തവരുടെ കൂട്ടത്തിൽ തൊഴിലാളികളെത്ര; രാഷ്ട്രീയപ്രവർത്തകരെത്ര; മുതലാളിമാരെത്ര ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ) :

(എ) 2310.

(ബി) ഒത്തുതീർപ്പിലെത്തിയതു് 2040. ശേഷിക്കുന്നതു് 270.

(സി) തൊഴിൽക്കുഴപ്പം പ്രമാണിച്ചു് ആരെയും അറസ്റ്റ് ചെയ്യുകയുണ്ടായില്ല.

ഏലത്തോട്ടങ്ങൾ.

* 813. [53] ശ്രീ. എ. സി. ചാക്കോ : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സംസ്ഥാനത്തു് എത്ര ഏക്കർ ഏലത്തോട്ടമുണ്ടു്;

(ബി) 1952, 1953, 1954 ഈ കൊല്ലങ്ങളിൽ ഈ രാജ്യത്തു് എത്ര ഏലക്കാ ഉണ്ടായിട്ടുണ്ടു്;

(സി) ഈ കൃഷിയെ വികസിപ്പിക്കുവാൻ ഗവണ്മെൻറിനു വല്ല പദ്ധതിയും ഉണ്ടോ;

(ഡി) ഉണ്ടെങ്കിൽ എന്താണെന്നു വിശദമാക്കുമോ?

ആരോഗ്യവകുപ്പുമന്ത്രി (ശ്രീ. എ. എ. റഹിം) :

(എ) 63,356 ഏക്കർ.

(ബി) 1952–53–ൽ 1143 ടണ്ണും, 1953–'54–ൽ 1106 ടണ്ണും ഏലക്കാ ഈ സംസ്ഥാനത്തിൽ ഉല്പാദിപ്പിച്ചിട്ടുണ്ടു്.

(സി) ഉണ്ടു്.

(ഡി) ഏലക്കൃഷിയുടെ വികസനത്തിനായി ഒരു ഗവേഷണകേന്ദ്രം തുടങ്ങുന്നതിനു് രണ്ടാംപഞ്ചവത്സരപദ്ധതിയിൽ ഒരു സ്കീം ഉൾപ്പെടുത്തിയിട്ടുണ്ടു്.

LIBRARY ARCHIVES Kerala Legislative Assembly